പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2421 **27-10-2026-ൽ മറുപടിയ്ക്ക്**

സബ്സ്റ്റേഷൻ നിർമ്മാണം.

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ജ്യോതികുമാർ ചാമക്കാല

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) പത്തനാപുരം പുനലൂർ എന്നീ നിയോജക മണ്ഡലങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കുറിയോട്ടുമല വ്യവസായ പാർക്കിനോട് ചേർന്ന് ഹൈ ടെൻഷൻ ലൈൻ കടന്നുപോകുന്ന പ്രദേശത്തിന് അടുത്ത് സബ്സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: പുനലൂർ പേപ്പർ മില്ലിനുള്ളിൽ സ്ഥിതി ചെയ്യുന്ന 110kV സബ്സ്റ്റേഷൻ ഏറ്റെടുത്ത് പുനരുദ്ധാരണം നടത്തി ഉപയോഗപ്രദമാക്കുന്നതുമായി ബന്ധപ്പെട്ട് പേപ്പർ മിൽ അധികാരികളുമായി പ്രാരംഭ ഘട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. പദ്ധതിയുടെ സ്ഥലം 25 വർഷത്തേക്ക് പ്രതിമാസം 7 ലക്ഷം രൂപ പാട്ട തുകയും അതിന് പ്രതിവർഷം 5 ശതമാനം നിരക്കിൽ വർധനവും ആണ് പുനലൂർ പേപ്പർ മിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ഈ തുക വളരെ കൂടുതലായതിനാൽ കമ്പനി അധികൃതരുമായി തുടർ ചർച്ചകൾ ആവശ്യമാണ്.

കൂടാതെ പിറവന്തൂർ KINFRA പാർക്കിനുള്ളിൽ ഒരു 110 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി സ്ഥലം നൽകാമെന്ന് KINFRA പാർക്ക് അധികൃതർ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടും തുടർ ചർച്ചകൾ നടന്നുവരുന്നു. ഈ പദ്ധതികളിൽ ഏതെങ്കിലും ഒന്ന് നടപ്പാവുന്ന മുറയ്ക്ക് പ്രസ്തുത മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട വൈദ്യുതി വിതരണം ഉറപ്പാക്കാവുന്നതാണ്.

ഇതിന് പുറമെ കമുകുംചേരി ഭാഗത്ത് ഒരു 33kV സബ്സ്റ്റേഷനും കുന്നിക്കോട് മേഖലയിൽ ഒരു 110kV സബ്സ്റ്റേഷനും സ്ഥാപിക്കുന്നതിനായി DPR തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ